compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 05
Tuesday, 05th May 2026

1201 മേടം 22
22nd Medam 1201

1948 വൈശാഖം 15
15th Vaisakha 1948

വാല്യം 15
Vol. XV

നമ്പർ **18**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ അനിത പി, ഡെപ്യൂട്ടി ഡയറക്ടർ)

നം. DDPTA/325/2023-C/കെ.ഡിസ് 24-04-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട മൈലപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 41 (ഡി) ആപ്കോസ് - സമാപ്തീകരണം - 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 21/05/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിന്റെ 28/03/2026 തീയതിയിലെ 211/2023 നമ്പർ റിപ്പോർട്ട്.

പത്തനംതിട്ട ജില്ലയിലെ കോന്നി ബ്ലോക്കിൽ മൈലപ്ര ഗ്രാമ പഞ്ചായത്തിലെ 5,6,7,8 വാർഡുകൾ പ്രവർത്തന പരിധിയായി ഉൾപ്പെടുത്തി രൂപീകരിച്ച മൈലപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 41 (ഡി) ആപ്കോസ് വളരെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി കേരള സഹകരണ നിയമം ചട്ടം 69 പ്രകാരം ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും സംഘത്തിൽ നിന്നും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാധ്യതകൾ സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുന്നതിനായി സമയം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതും സംഘത്തിന്റെ രജിസ്റ്ററുകൾ, മറ്റ് ആസ്തികൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമായിട്ടില്ലാത്തതുമാകുന്നു. സംഘത്തിന് കേരള ബാങ്ക് പത്തനംതിട്ട ശാഖയിൽ വിവിധ അക്കൗണ്ടുകളിൽ ആയി 70,550/- രൂപ യുടെ നിക്ഷേപം ഉള്ളതായും കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ 11,731.31/- രൂപ സംഘത്തിന്റെ പേരിൽ കുടിശ്ശികയുള്ളതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ, സി എം പി യൂ, സർക്കിൾ സഹകരണ യൂണിയൻ, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ പേരിൽ കേരള കോ ഓപ്പറേറ്റീവ് ബാങ്ക് പത്തനംതിട്ട ശാഖയിൽ വിവിധ അക്കൗണ്ടുകളിൽ ആയി ഉണ്ടായിരുന്ന 70,550/- രൂപ ലിക്വിഡേറ്ററുടെ പേരിൽ കേരള ബാങ്ക് കോന്നി ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ആയതിൽ 11,731/- രൂപ (പതിനോരായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) കേരള ക്ഷീരകർഷക ക്ഷേമനിധി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ബാക്കി തുകയും ആയതിന്റെ പലിശയും ഉൾപ്പെട 61,041/- രൂപ (അറുപത്തോരായിരത്തി നാൽപ്പത്തി ഒന്ന് രൂപ മാത്രം) ഡയറി ഡയറക്ടറുടെ പേരിലുള്ള ലിക്വിഡേഷൻ ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരു വിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉത്തരവ്

മൈലപ്ര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 41 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട **ഡെപ്യൂട്ടി ഡയറക്ടർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.05 03:36:05 +05:30